## 14-ാം കേരള നിയമ സഭ

## 15-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 339** 28.05.2019 **-ൽ മറുപടിയ്ക്ക്**

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ബി.പി.എൽ. വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.പി.ടി.എ. റഹീം** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി)** |
| (എ) | സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള ഫണ്ട് എവിടെ നിന്നാണ് കണ്ടെത്തുന്നത്; | (എ) | സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ എം.ബി.ബി.എസ് കോഴ്സിൽ എൻ.ആർ.ഐ വിഭാഗത്തിലെ അഡ്മിഷന് ബാധകമായ ഫീസിൽ നിന്നും പ്രവേശനവും ഫീസ് നിർണ്ണയവും സമിതി നീക്കി വയ്ക്കുന്ന തുകയാണ് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള ഫണ്ടിന്റെ പ്രധാന ധനസ്രോതസ്. |
| (ബി) | 2018-19 വർഷത്തിൽ എത്ര തുകയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളതെന്നും സ്കോളർഷിപ്പ് തുക എത്രയാണെന്നും പ്രസ്തുത വർഷം എത്ര പേർ അർഹരായിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) | 2018-19 ലെ 1-ാം വർഷ എൻ.ആർ.ഐ പ്രവേശനത്തിൽ നിന്ന് 12,75,00,000/- രൂപ സ്കോളർഷിപ്പ് ഫണ്ടിലേക്ക് സ്വരൂപിച്ചിട്ടുണ്ട്. 2018-19 അധ്യയന വർഷം സ്കോളർഷിപ്പിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി ജില്ലാ കളക്ടർമാർക്ക് അയച്ചുകൊടുക്കുന്നതിനുള്ള നടപടികളിലാണ്. |
| (സി) | കൂലിവേല ചെയ്യുന്നവരുടെ വിദ്യാർത്ഥികൾക്ക് മാനദണ്ഡമനുസരിച്ച് 20 മാർക്ക് ലഭിക്കുമ്പോൾ വഴിയോരക്കച്ചവടക്കാർ, തട്ടുകടക്കാർ, ഉന്തുവണ്ടി കച്ചവടക്കാർ എന്നിവരുടെ വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുമോ; | (സി) | സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളുടെ പട്ടിക തയ്യാറാക്കുന്നതിനായി അംഗീകരിച്ചിട്ടുള്ള സൂചകങ്ങൾ പ്രകാരം കൂലിവേല ചെയ്യുന്നവർ, തട്ടുകട/പെട്ടിക്കട നടത്തുന്നവർ, വഴിയോര വാണിഭക്കാർ, ഭക്ഷ്യേതര വസ്തുക്കൾ കൊണ്ടു നടന്ന് വിൽക്കുന്നവർ എന്നിവരുടെ കുട്ടികൾ 20 മാർക്ക് വെയിറ്റേജ് ലഭിക്കുന്നതിന് അർഹരാണ്. |

...2

| | | |
|---|---|---|
| (ഡി) | വിദേശത്ത് കൂലിപ്പണി വിസയിൽ ജോലി ചെയ്യുന്നവരുടെ വിദ്യാർത്ഥികൾക്ക് 20 മാർക്ക് ലഭിക്കുന്നതിന് അർഹതയുണ്ടോ; വ്യക്തമാക്കുമോ? | (ഡി) കുടുംബത്തിലാർക്കെങ്കിലും വിദേശജോലിയിൽ നിന്നോ സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25,000/- രൂപയിൽ അധികം പ്രതിമാസ വരുമാനം ലഭിക്കുന്നുവെങ്കിൽ അത്തരക്കാർ BPL വിഭാഗകുട്ടികളുടെ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെടുന്നതാണ്. |

**സെക്ഷൻ ഓഫീസർ**